പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1493 | 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>,, വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ<br>,, സി.പി.മുഹമ്മദ്** | | **ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതനവിതരണത്തിനായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (eFMS) സംസ്ഥാനത്ത് 975 ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 3 ഗ്രാമപഞ്ചായത്തുകളിലെ തൊഴിലാളികളുടെ അക്കൗണ്ടുകൾ സമ്പൂർണ്ണമായും കോർ ബാങ്കിംഗ് സൗകര്യമില്ലാത്ത സഹകരണ ബാങ്കുകളിൽ ആയതിനാൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഇ-എഫ്.എം.എസ് മുഖേന വേതന വിതരണം ആരംഭിച്ചിട്ടില്ല. തൊഴിലാളികളുടെ അക്കൗണ്ടുകൾ കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലേക്ക് മാറ്റുകയോ സഹകരണ ബാങ്കുകൾ കോർ ബാങ്കിംഗ് സിസ്റ്റം അവലംബിച്ചിട്ടുള്ള വാണിജ്യബാങ്കുകളുമായി സഹകരിച്ച് വേതനം വിതരണം ചെയ്യുന്നതിന് സജ്ജമാകുന്നതോടെ ഇവരെയും ഇ-എഫ്.എം.എസിൽ ഉൾപ്പെടുത്താവുന്നതാണ്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, ഷെഡ്യൂൾ II 29(1) പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം മസ്റ്റർറോൾ പൂർത്തീകരിച്ചതിനുശേഷം 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ബാങ്കിലെയും സങ്കീർണ്ണമായ നടപടിക്രമങ്ങൾമൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി യഥാസമയം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. ഇലക്ട്രോണിക് ഫണ്ട് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് സിസ്റ്റം മുഖേന തൊഴിലാളികളുടെ വേതനം അവരുടെ അക്കൗണ്ടിലേക്ക് സംസ്ഥാനമിഷനിൽ നിന്ന് നേരിട്ട് നൽകുക വഴി ഫണ്ടവിനിയോഗത്തിൽ കൃത്യതയും സുരക്ഷയും സുതാര്യതയും ഉറപ്പാക്കുകയാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ദേശ്യം. |
| (സി) | പ്രസ്തുത പദ്ധതിയിൽ തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി നിർണ്ണയിക്കുന്നത് മസ്റ്റർറോൾ പ്രകാരമുള്ള ഹാജരിന്റെയും ചെയ്ത പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വേജ് ലിസ്റ്റു പ്രകാരവുമാണ്. ഇ-എഫ്.എം.എസ് പദ്ധതിയിൽ വേജ് ലിസ്റ്റ് ഇലക്ട്രോണിക് ആയി കമ്പ്യൂട്ടർ സംവിധാനം വഴി തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ തുടർന്ന് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകളിലേക്ക് ഇലക്ട്രോണിക് ആയി അയച്ച് കൊടുക്കുന്നു. നോഡൽ ബാങ്കുകൾക്ക് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് പ്രസ്തുത ബാങ്കുകൾ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവ് വയ്ക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, സാങ്കേതിക ജീവനക്കാർ എന്നീ സൗകര്യങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇ-എഫ്.എം.എസ് നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, core banking സംവിധാനമുള്ള ബാങ്കുകളും, പോസ്റ്റോഫീസുകളും നാഷണൽ ഇൻഫർമേറ്റിക്സ് സെന്റർ (NIC), RBI എന്നീ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. നിലവിൽ, പഞ്ചായത്തുകൾ അയയ്ക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സംസ്ഥാനത്തെ ദേശസാത്കൃത ബാങ്കുകളായ കാനറാ ബാങ്ക്, എസ്.ബി.ടി, എസ്.ബി.ഐ എന്നിവയാണ് സ്വീകരിച്ച് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ